പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1712

01.11.2019-ൽ മറുപടിക്ക്

## അങ്കമാലി നഗരസഭ പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) അങ്കമാലി നഗരസഭ പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പണം സ്വരൂപിക്കുന്നതിനുവേണ്ടി നഗരസഭ ചെയർപേഴ്സന്റെ പേരിൽ അങ്കമാലി ഗ്രാമീൺ ബാങ്കിന്റെ ശാഖയിൽ അക്കൗണ്ട് നിലവിലുണ്ടോ; ആയതിൽ നിന്നും നഗരസഭ പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ; | എ) ഇല്ല. |
| ബി) പ്രസ്തുത പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നഗരസഭ തനത് ഫണ്ടിൽ നിന്നും തുക അഡ്വാൻസായി എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ പേരിലാണ് അഡ്വാൻസ് അനുവദിച്ചത്; അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | ബി) ശ്രീ.ഡിൻസൺ ടി.ഡി (ക്ലർക്ക്) യുടെ പേരിൽ നഗരസഭ പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും 25,000/- രൂപ അഡ്വാൻസായി എടുത്തിട്ടുള്ളതും ആയത് മുഴുവനായും ചെലവഴിച്ചിട്ടുള്ളതുമാണ്. |
| സി) പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പണം സ്വരൂപിക്കുന്നത് ഏത് കൗൺസിൽ/സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനപ്രകാരമാണെന്ന് വ്യക്തമാക്കുന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) പാർക്ക് ഉദ്ഘാടന ചടങ്ങിലേയ്ക്കായി അനുവദിച്ച 25,000/- രൂപയിൽ അധികമായി ചെലവായ തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിന് 08.08.2018 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. 9-ാം നമ്പർ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ഡി) പ്രസ്തുത പാർക്ക് ഉദ്ഘാടനവുമായി ബന്ധപ്പെട്ടുള്ള വരവ് ചെലവ് കണക്കുകൾ കൗൺസിൽ മുമ്പാകെ വെച്ച് അംഗീകാരം നേടിയിട്ടുണ്ടോ; എങ്കിൽ തീയതി, തീരുമാനത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ? | ഡി) വരവ്-ചെലവ് കണക്കുകൾ കൗൺസിൽ അംഗീകരിച്ചിട്ടില്ലാത്തതും പാർക്ക് ഉദ്ഘാടന ചടങ്ങിലേയ്ക്ക് ചെലവായ തുകയായ 43,000/- രൂപ ധനകാര്യ കമ്മിറ്റിയിൽ വച്ച് അംഗീകരിച്ചിട്ടുള്ളതാണ്, ആയതിന്റെ പകർപ്പ് (സി) പിരിവിന് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അങ്കമാലി നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08.08.2018 ലെ 9 -ാം നമ്പർ അജണ്ടയും തീരുമാനവും

*1.* **G3-6192/2018**

അങ്കമാലി നഗരസഭ - മുനിസിപ്പൽ പാർക്കിന്റെ ഉദ്ഘാടന ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനായി ഉണ്ടായിട്ടുള്ള ചെലവുകൾ അംഗീകരിക്കുന്ന വിഷയം കമ്മിറ്റിയുടെ പരിഗണനയ്ക്കായി.

| | |
|---|---|
| (1) നോട്ടീസ് പ്രിന്റിംഗ് | - 7,500/- |
| (2) ബാനർ | - 1500/- |
| (3) മൊമെന്റോ | - 2,000/- |
| (4) ലൈറ്റ് & സൗണ്ട് | - 32,000/- |
| ആകെ | - 43,000/- |

കുറിപ്പ് :-

(1) ഉദ്ഘാടന ചടങ്ങുകളുടെ ചെലവുകൾക്കായി അഡ്വാൻസ് 25,000/- രൂപ ശ്രീ.ഡിൻസൺ.ടി.ഡി ക്ലർക്ക് പേരിൽ അനുവദിച്ചിരുന്നതാണ്.

(2) സ.ഉ(സാധ)നം. 3866/2015/തസ്വഭവ തീയതി 28/12/2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് പരമാവധി 25,000/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. അധികരിക്കുന്ന ചെലവ് ആഡിറ്റ് തടസ്സം ക്ഷണിച്ചുവരുത്തുന്നതാണ്.

(3) അഡ്വാൻസ് തുകയിൽ നിന്നും 20,00/- രൂപ ലൈറ്റ് & സൗണ്ട്സ്നും 2000/- രൂപ മൊമെന്റോ വാങ്ങുന്നതിനും, 3000/- രൂപ നോട്ടീസ് പ്രിന്റിംഗിനും ചെലവഴിച്ചിട്ടുണ്ട്.

(4) ശ്രീ.ഡിൻസൺ.ടി.ഡി, ക്ലർക്ക് പേരിൽ അനുവദിച്ച അഡ്വാൻസ് ക്രമീകരിക്കാവുന്നതാണ്.

### തീരുമാനം

**(1) ചെലവുകൾ അംഗീകരിച്ചു.**

**(2) അധികം തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിന് തീരുമാനിച്ചു.**

**(3) ശ്രീ.ഡിൻസൺ.ടി.ഡി, ക്ലർക്ക് പേരിൽ അനുവദിച്ച അഡ്വാൻസ് ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.**

(ഒപ്പ്)

**ചെയർപേഴ്സൺ**

MUNICIPAL OFFICE ANGAMALY

ശരിപ്പകർപ്പ്

സെക്രട്ടറി

സെക്ഷൻ ഓഫീസർ